**ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം**
**03.01.2026**

**ഇന്നലെ (ജനുവരി 2) ദർശനത്തിനെത്തിയത് 98,425 അയ്യപ്പഭക്തർ**

ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിൽ ഇന്നലെ (ജനുവരി 2) 98,425 അയ്യപ്പഭക്തർ ദർശനം നടത്തി. സ്പോട്ട് ബുക്കിങ്ങിലൂടെ 7,639 പേരും പുൽമേട് വഴി 4,861 പേരുമാണ് ഇന്നലെ ശബരി ദർശനം നടത്തിയത്.

**അറിയിപ്പ്**

മകരവിളക്കിനോടനുബന്ധിച്ച് കെ.എസ് ആർ.ടി.സി, മോട്ടോർ വാഹന വകുപ്പ് എന്നിവയുടെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് ഗതാഗത വകുപ്പ് മന്ത്രി കെബി ഗണേഷ് കുമാർ നാളെ (ജനുവരി 4) രാവിലെ 11.30 ന് പമ്പയിൽ എത്തും

**മകരവിളക്ക്: ഇതുവരെ 3,65,496 അയ്യപ്പഭക്തർ ശബരിമലയിൽ ദർശനം നടത്തി**

ഇന്ന് ( ജനുവരി 3) 72,941 തീർഥാടകർ ശബരിമല സന്നിധാനത്ത് ദർശനത്തിനെത്തി.
മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ഡിസംബർ 30ന് ശബരിമല നട തുറന്നതിനു ശേഷം ഇതുവരെ 3,65,496 അയ്യപ്പഭക്തരാണ് സന്നിധാനത്ത് ദർശനത്തിന് എത്തിയത്.
മകരവിളക്കിന് നട തുറന്ന ഡിസംബർ 30ന് 57,256 പേർ ദർശനം നടത്തിയിരുന്നു.